# നമ്മെ തേടി വന്ന ദൈവം



# നമ്മെ തേടി വന്ന ദൈവം

**Philip Communication**
**KOCHI**

# നമ്മെ തേടി വന്ന ദൈവം

നമ്മെ തേടി, എന്നെ തേടി സ്വർഗ്ഗത്തിലെ ദൈവം ഈ ഭൂമിയിലേക്കു വന്നു. പാപമില്ലാത്ത ദൈവം പാപികൾക്കായി പാപമാക്കി. പാപങ്ങൾക്ക് പകരമായി ക്രൂശിൽ മരിച്ചു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ വസിക്കുന്നു. കൃപയാൽ കൃപയാൽ ഈ സത്യം മനസ്സിലാക്കുവാൻ എന്നെ തേടി വന്ന ദൈവത്തിന്റെ മകളാകുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. നിരാശയും, ദുഖവും, ഭീതിയും, യുദ്ധവും, ചതിവും, പെട്ടെന്നുള്ള മരണവും നിറഞ്ഞ ഈ ലോകത്തിൽ ധൈര്യത്തോടും സമാധാനത്തോടും സന്തോഷത്തോടും കൂടെ ജീവിതം നയിക്കുവാൻ സാധിക്കുന്നതു ഞാൻ ഒരു ദൈവ മകളായി തീർന്നതു കൊണ്ടാണ്. നമ്മെ തേടി വന്ന ദൈവത്തിന്റെ മക്കൾ എങ്ങനെയാകാം എന്നുള്ളതു ബൈബിളിന്റെ വെളിച്ചത്തിൽ ഈ ചെറു പുസ്തകത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ ചെറു പുസ്തകം താങ്കളുടെ രക്ഷയ്ക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

S.J.P

ഒരു ആട്ടിടയന് 100 ആടുണ്ടായിരുന്നു. ആടുകളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു നല്ലിടയൻ. ആടുകളെ പച്ചയായ പുൽ പുറങ്ങളിൽ കിടത്തുകയും സ്വസ്ഥതയുള്ള വെള്ള ത്തിനരികത്തേക്ക് നടത്തി അവർക്ക് വേണ്ടുന്നതു അതതു സമയത്തു നൽകുന്ന ഒരു ഇടയൻ.

ഒരു ദിവസം ആട്ടിടയൻ പതിവുപോലെ ആടുകളെ മേയ്ക്കുവാൻ പോയി. ആടുകളുടെ വയറു നിറഞ്ഞു കഴിഞ്ഞപ്പോൾ അവരെ തിരിച്ചു വീട്ടിലേക്കു കൊണ്ടുവന്നു. ഓരോ ആടിനെയും പേര് വിളിച്ചു കൂട്ടിനകത്ത് കയറ്റി. 99 ആടുകളും അകത്തു കയറി. ഒരു ആട് മാത്രം ഇല്ലാ. രാത്രിയാകാ റായി; കാട്ടിൽ ഇഴജന്തുക്കളും വന്യമൃഗങ്ങളും ഉണ്ട്. കുണ്ടും കുഴിയും മുള്ളും നിറഞ്ഞ വനം. ഇലക്ട്രിക് വിളക്കുകളോ മറ്റു റ്റോർച്ചുകളൊ ഇല്ലാത്ത സമയം. ആട്ടിടയൻ തന്റെ ആടിനെ തേടി പുറപ്പെട്ടു. സ്വന്തം സുഖവും സ്വന്തം സുരക്ഷിതത്വും മറന്ന് ആടിനെ തേടി.

ആട് കൂട്ടത്തിൽ നടക്കുന്നതിനിടെ അകലെ നല്ല പുല്ലു കണ്ട്, വയറു നിറഞ്ഞിട്ടും ആ പുല്ലു തിന്നാൻ സൂത്രത്തിൽ അങ്ങോട്ട് പോയി. ആരു ടെയും ശ്രദ്ധയിൽ പെടാതെ തിന്ന്, തിന്ന് കുറച്ച കലെ ചെന്നപ്പോൾ മനസ്സിലായി വഴിതെറ്റി പോയി. കൂട്ടുകാരെ ആരെയും കാണ്മാനില്ല. ചെന്നായുടെ കൂകൽ കേട്ടു. ഭയന്ന് ഓടി, ഓടി, ഒരു മുള്ളു കാട്ടിൽ ചെന്നു പെട്ടു, കയ്യും കാലും ഒക്കെ കീറി.

ആട്ടിടയൻ ആടിനെ വിളിച്ചു കൊണ്ട് നടന്നു. അകലെ ഒരു ഞരക്കം കേട്ടു. അങ്ങോട്ട് ചെന്ന് നോക്കിയപ്പോൾ മുള്ളിനിടയിൽ മുറിവേറ്റു കിടക്കുന്ന തന്റെ ആട്. ആ മുള്ളിനിടയിൽ നിന്ന് ആടിനെ രക്ഷിച്ചു. ആട്ടിടയന്റെ കൈയും കാലും മുറിഞ്ഞു ചോര ഒഴുകി. പക്ഷെ ആട് സുരക്ഷിത മായി. ആടിനെ തോളിലേറ്റി ആട്ടിടയൻ സന്തോഷ ത്തോടെ വീട്ടിലേക്കു പോയി. നാമും ആടിനെപ്പോ ലെ തെറ്റി പോയവർ ആണ്.

ദൈവത്തിന്റെ വചനത്തിൽ നാം വായി ക്കുന്നു. ഞാൻ നല്ലയിടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്ക് വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ആരാണ് ഈ നല്ല ഇടയൻ, ഈ നല്ലയിടയൻ എന്തി ന് വേണ്ടി ഈ ലോകത്തിലേക്കു വന്നു, ആർക്ക് വേണ്ടിയാണ് ഈ നല്ലയിടയൻ തന്റെ ജീവനെ കൊ ടുത്തത്. ദൈവത്തിന്റെ വചനത്തിൽ നാം കാണു ന്നു ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈ വത്തിന്റെ കുഞ്ഞാട്. ആരാണ് സൃഷ്ടാവ്, ആരാണ് പാപികൾ, ആരാണ് പാപികളെ രക്ഷിക്കുവാൻ ലോകത്തിൽ വന്നത്, എങ്ങനെയാണ് പാപികൾ ക്ക് രക്ഷയുണ്ടാകുന്നത്. ഇങ്ങനെ പല ചോദ്യങ്ങൾ നമ്മുടെ മനസ്സിൽ ഉണ്ടാകാം.

## സൃഷ്ടാവ്

ആറു ദിവസം കൊണ്ട് ദൈവം ആകാശവും ഭൂമിയും ഭൂമിയിലുള്ള സകലവും തന്റെ വാക്കിനാൽ

സൃഷ്ടിച്ചു. മനുഷ്യന് വേണ്ടതെല്ലാം തന്റെ വാക്കിനാൽ സൃഷ്ടിച്ചതിന് ശേഷം നിലത്തെ പൊടികൊണ്ട് മനുഷ്യനെ ദൈവത്തിന്റെ സ്വരൂപത്തിലും ദൈവത്തിന്റെ സാദൃശപ്രകാരവും ഉണ്ടാക്കി. അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. അങ്ങനെ മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

അവന് ആദം എന്ന് പേരിട്ടു. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്ന് ദൈവം മനസ്സിലാക്കി അവന്റെ വാരിയെല്ലിൽ ഒന്നടുത്ത് അതിനെ ഒരു സ്ത്രീയാക്കി. അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. മനുഷ്യൻ അവൾക്ക് നാരിയെന്ന് പേരിട്ടു. അങ്ങനെ ആദ്യ വിവാഹം ദൈവം തന്നെ നടത്തി. ദൈവം ആദാമിനെയും ഹവ്വയെയും അനുഗ്രഹിച്ചു. അവരെ ഏദെൻ തോട്ടത്തിലാക്കി അവരോട് പറഞ്ഞു നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ. തോട്ടത്തിൽ എല്ലാം ഉണ്ടായിരുന്നു. കാണ്മാൻ ഭംഗിയുള്ളതും തിന്നാൻ നല്ല നല്ല ഫലങ്ങളുമുണ്ടായിരുന്നു. അവരോട് പറഞ്ഞു തോട്ടത്തിന്റെ നടുവിൽ നില്ക്കുന്ന നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും. ദൈവം സർവ്വശക്തനാണ്, സർവ്വവ്യാപിയാണ്, സർവ്വജ്ഞാനിയാണ്. എന്നാൽ അതോടൊപ്പം ദൈവം സ്നേഹവാനും നീതിമാനം വിശുദ്ധനും ആണ്. ആ ദൈവമാണ് കല്പിച്ചത് നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും.

## പാപത്തിന്റെ ശബളം മരണം - നരകം

തിന്നരുത് എന്ന പറഞ്ഞ ഫലം ഹവ്വാ പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു. അങ്ങനെ ദൈവത്തോട് അനുസരണക്കേട് കാണിച്ചു പാപം ചെയ്തു. അതിന്റെ ഫലമായി ആത്മീയ മരണം ഉടനെ സംഭവിച്ചു. ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ വന്നു. റോമർ 5:12). പാപത്തിന്റെ ശബളം മരണം (റോമർ 6:23) അഥവാ നരകം. പാപം ചെയ്യുന്ന ദേഹി മരിക്കും. അങ്ങനെ ആദ്യ പിതാവായ ആദവും ഹവ്വയും പാപം ചെയ്തതു മുഖാന്തരം പാപം ലോകത്തിൽ കടന്നു. ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു. നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല (റോമർ 3:10,12). ഇങ്ങനെ മനുഷ്യൻ പാപിയായി തീർന്നതു മുഖാന്തരം പാപത്തിന്റെ ശിക്ഷയായ നിത്യനരകത്തിന് അവകാശിയായി തീർന്നു. നരകത്തിന്റെ അവസ്ഥ ഭയാനകം. അതു നിത്യവുമാണ്. നിത്യനരകം. അവിടത്തെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല (മർക്കോസ് 9:48).

ഈ ഭയാനകമായ അവസ്ഥയിൽ നിന്ന് മനുഷ്യന് സ്വയം വിടുതൽ പ്രാപിക്കുവാൻ സാദ്ധ്യമല്ല. കാരണം അവൻ പാപിയാണ്. ദൈവത്തിൽ നിന്ന് അകന്നവനാണ്, ദൈവ തേജസ്സ് നഷ്ടപ്പെട്ടവനാണ്. മനുഷ്യന്റെ സൽപ്രവൃത്തികൾ കൊണ്ടും മറ്റു ഏതൊരു പ്രവൃത്തികൊണ്ടും മനുഷ്യന് സ്വയം

രക്ഷിക്കുവാൻ സാദ്ധ്യമല്ല. ദൈവ വചനം പറയുന്നു; ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറ പിരണ്ട തുണിപോലെ; ഞങ്ങൾ എല്ലാവരും ഇല പോലെ വാടി പോകുന്നു (യെശയ്യാവു 64:6).

## രക്ഷിതാവായ യേശുക്രിസ്തു

ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ (1 തിമെ 1:15). പ്രവചന പുസ്തകങ്ങളിൽ അനേകം സ്ഥലത്തു രക്ഷകനായി ദൈവം വരുമെന്ന് പറഞ്ഞു. ഉൽപത്തി പുസ്തകത്തിൽ ദൈവം സാത്താനോട് പറഞ്ഞു ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും നീ അവന്റെ കുതികാൽ തകർക്കും.

പ്രവാചകപുസ്തകങ്ങളുടെ നിവൃത്തിയായി ഗബ്രിയേൽ ദുതൻ യോസേഫിന് വിവാഹം നിശ്ച യിക്കപ്പെട്ട മറിയ എന്ന കന്യകയ്ക്ക് പ്രത്യക്ഷനായി അവളോട് പറഞ്ഞു; കൃപ ലഭിച്ചവളെ നിനക്ക് വന്ദനം. കർത്താവ് നിന്നോട് കൂടെയുണ്ട്. പരിശുദ്ധാത്മാവു നിന്റെ മേൽ നിഴലിടും. നീ ഗർഭം ധരിച്ചു വിശുദ്ധപ്രജയെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം (ലൂക്കോസ് 1:26.35). കർത്താവിന്റെ ദുതൻ യേസേഫിന് പ്രത്യക്ഷനായി അവനോട് പറഞ്ഞു; മറിയയെ സ്വീകരിക്കുവാൻ ശങ്കിക്കേണ്ട.

അവൾ പരിശുദ്ധാത്മാവിനാൽ ആണ് ഗർഭിണിയായിരിക്കുന്നത്. അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേരിടേണം. അങ്ങനെ യേശു ബേത്‌ലെഹെമിൽ ജനിച്ചു. ജനനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു.

യേശു ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറകെ പിടിച്ചു കൊള്ളണം എന്ന വിചാരിക്കാതെ ദാസ രൂപം എടുത്തു മനുഷ്യ സാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി (ഫിലി 2:6.7).

യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായിരുന്നു. അവൻ ദൈവമായിരുന്നതുകൊണ്ട് അനേക അത്ഭുതങ്ങൾ ചെയ്തു. കുരുടരെ കാണുമാറാക്കി, ഭൂതഗ്രസ്തരെ സൗഖ്യമാക്കി, രക്തസ്രവകാരിയെ സൗഖ്യമാക്കി, പക്ഷവാതം പിടിച്ചു കിടന്ന ആളെ നടക്കുമാറാക്കി, മരിച്ചവരെ ഉയർപ്പിച്ചു, മരിച്ച് നാറ്റം വച്ച അവസ്ഥയിലായിരുന്ന ലാസറെ ഉയർപ്പിച്ചു. അങ്ങനെ യേശു തിരുവെഴുത്തുകളിൽ പ്രകാരം വന്നു. വന്നതിന്റെ ഉദ്ദേശം മനുഷ്യവർഗ്ഗത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുവാൻ, അവരെ സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുവാൻ. യേശുവിനെ കണ്ടപ്പോൾ യോഹന്നാൻ സ്നാപകൻ പറഞ്ഞു; ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹന്നാൻ 1:29).

## യേശുക്രിസ്തുവിന്റെ ക്രൂശീകരണം

നാം പാപം സംബന്ധിച്ചു മരിച്ചു നീതിയ്ക്ക് ജീവിക്കേണ്ടതിന് യേശുക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിൽ മരിച്ചു (1.പത്രൊസ് 2:24). യേശുക്രിസ്തു നമ്മുടെ പാപത്തിന്റെ ശിക്ഷ തന്റെ ശരീരത്തിൽ വഹിച്ചു. കർത്താവു നമ്മൾക്കു വേണ്ടി പ്രാണവേദനയിലായി. അവന്റെ വിയർപ്പു നിലത്തു വീഴുന്ന ചോരതുള്ളി പോലയായി. 12 ശിഷ്യന്മാരിൽ ഒരാളായ യൂദാസ്സ് അവനെ ഒറ്റിക്കൊടുത്തു. പ്രിയ ശിഷ്യനായ പത്രോസും അവനെ തള്ളിപ്പറഞ്ഞു. റോമ പടയാളികൾ അവന്റെ കണ്ണുകെട്ടി അവനെ പരിഹസിച്ചു. മുള്ള് കൊണ്ട് ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു കോൽ കൊണ്ടു അവന്റെ തലയിൽ അടിച്ചു. അവന്റെ ഓമനമുഖത്തു അവർ തുപ്പി. അങ്ങനെ അവനെ പരിഹസിച്ചു തീർന്ന ശേഷം അവനെ ക്രൂശിപ്പാൻ കൊണ്ടുപോയി. അങ്ങനെ അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറു അവനെ വിരൂപമാക്കി. ദൈവം നമ്മുടെ പാപത്തിന്റെ ശിക്ഷ യേശുവിന്റെ മേൽ ആക്കി. പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമ്മുക്ക് വേണ്ടി പാപം ആക്കി (2 കൊരി 5:21). യേശു ക്രിസ്തു ക്രൂശിൽ കിടന്നു കരഞ്ഞു ഏലി ഏലി ലമ്മ ശബക്താനി എന്ന് ഉറക്കെ നിലവിളിച്ചു. എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്:

പാപത്തിന്റെ ഭാരം ഏറ്റപ്പോൾ പിതാവിനാൽ കൈ വിടപ്പെട്ടു. അങ്ങനെ തന്റെ രക്തത്താൽ പാപികളായ നമ്മൾക്ക് രക്ഷ ഒരുക്കി.

## ക്രിസ്തുവിന്റെ ഉയർത്തെഴുന്നൽപ്

യേശുക്രിസ്തു 3-ാം ദിവസം ഉയർത്തെ ഴുന്നേറ്റു. ശിഷ്യന്മാർക്ക് പല തവണ പ്രത്യക്ഷ നായി. ശിഷ്യന്മാരോട് ഞാൻ പോകുന്നു എന്നാൽ കാര്യസ്ഥനെ അയയ്ക്കാം. കർത്താവ് മരിച്ച് മൺ മറഞ്ഞ വ്യക്തിയല്ല. മറിച്ച് ദൈവം അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി. യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടെയും ഭൂലോ കരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുന്ന ഒരു ദിവസം വരുന്നു.

ഈ യേശു കർത്താവ് നമ്മൾക്ക് വേണ്ടി പക്ഷവാതം ചെയ്യുന്നു. ദൈവ ഒരുവനല്ലോ ദൈ വത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ (1 തിമെ 2:56). യേശുക്രിസ്തു പറഞ്ഞു; ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരി ക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൽ 14:23).

യേശു ഉയിർത്തെഴുന്നേറ്റ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി അവരോട് പറഞ്ഞു; നിങ്ങൾ ഭയപ്പെടേണ്ട; ഞാൻ നിങ്ങൾക്ക് സമാധാനം നൽകുന്നു. നിങ്ങൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാന്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതു ഒക്കെയും പ്രവർത്തിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ. അതിന്ശേഷം ശിഷ്യന്മാർ ഒന്നിച്ചു കൂടിയിരിക്കെ അവൻ ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടിട്ടു അവൻ അവരുടെ കാഴ്ചയ്ക്കു മറഞ്ഞു. അവൻ പോകുന്ന സമയം അവർ ആകാശത്തിലേക്കു നോക്കുമ്പോൾ ദൂതന്മാർ പറഞ്ഞു; ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നതു എന്തു, നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്തു ഈ യേശുവിനെ സ്വർഗ്ഗത്തിലക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും (അപ്പൊ. പ്രവർത്തികൾ 1:11) കർത്താവു വീണ്ടും വരും.

## നാം എന്തു ചെയ്യേണം

കർത്താവു ഈ ലോകത്തിലേക്ക് വന്നു. രക്ഷ ഒരുക്കി. രക്ഷ നമ്മൾക്ക് തരുന്നതിനായി ദൈവം തന്റെ ജീവൻ നമ്മൾക്ക് പകരമായി നൽകി. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ (1. തിമെ 1:5)

ആ രക്ഷ ദൈവം നമ്മൾക്ക് നൽകുന്നതു ദാനമായി ട്ടാണ്. കർത്താവിന്റെ രക്ഷ മേടിക്കാൻ നമ്മൾക്ക് സാധ്യമല്ല, അതു കൃപയാൽ മാത്രാണ്. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമ ത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ലാ (എഫെസ്യർ 2:8,9).

ദാനമായ രക്ഷ നാം സ്വീകരിക്കുമ്പോൾ നാം രക്ഷിക്കപ്പെടുന്നു. യേശുവിനെ കൈകൊണ്ട് യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം കൊടുത്തു. (യോഹന്നാൻ 1:12).

നാം പാപികളാണ്. അതുകൊണ്ട് നമ്മൾക്ക് രക്ഷ ആവശ്യമാണ്. യേശു കർത്താവിനെ നമ്മുടെ ഏക ദൈവവും ഏക രക്ഷകനുമായി സ്വീകരിക്കുമ്പോൾ നാം രക്ഷിക്കപ്പെടും. ദൈവ മക്കളാകും. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ദൈവം പറയുന്നു; നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപ്പോലെ ആയിത്തീരും (യെശയ്യാവ് 1:18).

## തീരുമാനം എടുക്കുക

1. ഞാൻ ഒരു പാപിയാണെന്ന് ദൈവ സന്നിധിയിൽ സമ്മതിക്കുക
2. മാനസാന്തരപ്പെടുക

3. കർത്താവായ യേശുക്രിസ്തുവിനെ വിശ്വസിക്കുക
4. രക്ഷ പ്രവൃത്തിയാലല്ല കൃപയാലാണ് എന്ന് മനസ്സിലാക്കുക
5. ക്രിസ്തുവിന്റെ രക്തത്താൽ, യാഗത്താൽ നമ്മുടെ പാപങ്ങൾക്ക് മോചനം ഉണ്ട് എന്ന് വിശ്വസിക്കുക.
6. കർത്താവായ യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു, പാപികൾക്കായി മരിച്ചു. അവൻ ദൈവമായതുകൊണ്ട് ഉയിർത്തെഴുന്നേറ്റു പിതാവിന്റെ സന്നിധിയിൽ ഇരിക്കുന്നു എന്ന് വിശ്വസിക്കുക.
7. കർത്താവിനെ ഏക ദൈവവും ഏക രക്ഷകനും, ഏക കർത്താവുമായി സ്വീകരിക്കുക.

## ഏറ്റുപറയുക

തീരുമാനമെടുക്കുവാനും ദൈവമകൻ ആകുവാനും അഗ്രഹിക്കുന്നുവെങ്കിൽ അവനെ ഏറ്റുപറയുക. യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേല്പിച്ചു എന്ന ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യുന്നു (റോമർ 10: 9, 10).

ഈ കർത്താവിനെ സ്വന്തരക്ഷകനായി സ്വീ

കരിക്കാൻ അഗ്രഹം ഉണ്ടെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുക. യേശുകർത്താവെ, ഞാൻ ഒരു പാപിയാണ്. അങ്ങ് എന്റെ പാപങ്ങൾ പരിഹരിക്കുവാൻ എനിക്ക് വേണ്ടി ക്രൂശിൽ മരിച്ചു ഉയിർത്തെഴുന്നേറ്റു ഇന്ന് സ്വർഗ്ഗത്തിൽ ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ എന്നോട് ക്ഷമിക്കേണമേ. എന്നെ അങ്ങയുടെ രക്തത്താൽ ശുദ്ധീകരിക്കേണമെ. അങ്ങയെ ഞാൻ ഇപ്പോൾ എന്റെ ഏക ദൈവവും ഏകരക്ഷകനും കർത്താവുമായി സ്വീകരിക്കുന്നു. ഇനിയുള്ള കാലം അവിടത്തെ ഇഷ്ടം പോലെ ജീവിക്കുവാൻ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. കർത്താവെ അങ്ങു എന്റെ പാപങ്ങൾ ക്ഷമിച്ചതു കൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്നെ അങ്ങയുടെ മകളാക്കിയതുകൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്റെ പേര് അങ്ങയുടെ ജീവപുസ്തകത്തിൽ എഴുതിയതുകൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. യേശുക്രിസ്തുവന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നു. കേട്ടതുകൊണ്ട് സ്ത്രോത്രം. ആമേൻ.

ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞു പോയി ഇതാ അത് പുതുതായിത്തീർന്നിരിക്കുന്നു (2 കൊരിന്ത്യർ 5:19).

## രക്ഷ നഷ്ടപ്പെടുമോ

കർത്താവ് തന്റെ രക്തം കൊടുത്ത് നമ്മെ വിലക്കു വാങ്ങി ദൈവമക്കളും സ്വർഗ്ഗത്തിന് അവകാശികളും ആക്കി. നമ്മെ സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും അനുഗ്രഹിച്ചു. നമ്മെ സ്വർഗ്ഗത്തിലിരുത്തിയിരിക്കുകയാണ്. പരിശുദ്ധാത്മാവാം ദൈവത്തെ നമ്മൾക്ക് ദാനമായി തന്നു. നമ്മൾ വിശുദ്ധന്മാരും ദൈവത്തിന്റെ മന്ദിരവുമായി തീരുന്നു. ദൈവം വിശുദ്ധനാകയാൽ നാം വിശുദ്ധരായീ ജീവിക്കാൻ ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നു. എന്നാൽ നാം പാപം ചെയ്താൽ നമ്മുടെ രക്ഷ നഷ്ടപ്പെടുമോ? ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഈ വിഷയം മനസ്സിലാക്കാം.

1. യേശുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം കൊടുത്തു (യോഹന്നാൻ 1 : 12). ഒരു പ്രാവശ്യം നാം മക്കളായാൽ പിന്നെ ഒരിക്കലും ആ സ്ഥാനം മാറ്റുവാൻ സാധിക്കയില്ലാത്തതുകൊണ്ട് നമ്മുടെ രക്ഷ ഭദ്രമാണ്.

2. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). നാം ദൈവത്തിൽ

വിശ്വസിക്കുമ്പോൾ നാം സാത്താന്റെ അധികാരത്തിൽ നിന്ന് അല്ലെങ്കിൽ നിത്യമരണത്തിൽ നിന്ന് നിത്യജീവന് അവകാശികൾ ആയി തീരുന്നു. പിന്നെ അതു ഒരിക്കലും നഷ്ടപ്പെടുകയില്ല. നിത്യജീവൻ എന്നതിന് അർത്ഥം തന്നെ നിത്യമായിട്ടുള്ളത് എന്നാണ്.

3. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു. അതിനു നിങ്ങൾ കാരണമല്ലാ ദൈവത്തിന്റെ ദാനമാത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ലാ. രക്ഷ ഭദ്രമാണ് കാരണം തന്നിരിക്കുന്നത് ദാനമായിട്ടാണ്. ദാനമായി തന്നതു ഒരിക്കലും തിരിച്ചു മേടിക്കയില്ലാ. രക്ഷ നമ്മൾക്ക് ദാനമായി തരുന്നത് ത്രിയേക ദൈവമാണ്.

4. രക്ഷിക്കപ്പെടുന്ന സമയം തന്നെ നമ്മൾക്ക് ദൈവം പരിശുദ്ധാത്മാവാം ദൈവത്തെ ദാനമായി തരുന്നു. ഒരു പ്രാവശ്യം പരിശുദ്ധാത്മാവാം ദൈവം നമ്മളിൽ വസിച്ചു കഴിഞ്ഞാൽ പിന്നെ നമ്മെ വിട്ടിട്ട് പോകയില്ല. മറിച്ചു നമ്മെ വിശുദ്ധരായി ദൈവത്തിന്റെ സന്നിധിയിൽ കൊണ്ടുപോകും വരെ നമ്മെ നടത്തും. അതുകൊണ്ട് നമ്മുടെ രക്ഷ ഒരിക്കലും നഷ്ടപ്പെട്ടുപോകയില്ല.

# നമ്മെ തേടി വന്ന
# ദൈവം

ഞാൻ നല്ല ഇടയൻ; പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു. ആടുകൾക്ക് വേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. (യോഹന്നാൻ 10:14,15) എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു. ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു. ആരും അവയെ എന്റെ എന്റെ കയ്യിൽ നിന്നു പിടിച്ചുപറിക്കുകയും ഇല്ല. അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ. പിതാവിന്റെ കയ്യിൽ നിന്ന് പിടിച്ചുപറിപ്പാൻ ആർക്കും കഴിയുകയില്ല. ഞാനും പിതാവും ഒന്നാകുന്നു. (യോഹന്നാൻ 10:27,28).

SJP

Philip Communications